15. സുമാർ 40 ഗ്രാം തൂക്കം വരുന്ന വെളുത്ത ക്രിസ്റ്റൽ രൂപത്തിലുള്ള തരി അടങ്ങിയ പ്ലാസ്റ്റിക് പൊതി - 1 (ഒന്ന്)

16. കറുത്ത നിറത്തിലുള്ള കയ്യുറകൾ - 2 (രണ്ട്)

17. കറുത്ത നിറത്തിലുള്ള റെക്സിൻ ബാഗ് - 1 (ഒന്ന്)

18. The Best എന്ന് എഴുത്തുള്ള പ്ലാസ്റ്റിക് കവർ - 1 (ഒന്ന്)

19. VENUS V 7800 A1 GAS FITTERS എന്നും മറ്റും എഴുത്തുള്ള മാസ്ക് - 1 (ഒന്ന്)

20. സ്പിരിറ്റ് ലാമ്പ് - 1 (ഒന്ന്)

ഫോറൻസിക് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത കേസ്സ് ഇപ്പോൾ കസബ പോലീസ് അന്വേഷിച്ച് വരുന്നു.

കൊല്ലം റൂറൽ പോലീസ് ആസ്ഥാനം

50 (1520) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് ;

(ബി) റൂറൽ പോലീസ് സംവിധാനത്തിൽ പുതിയതായി എത്ര തസ്തികകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിലെ റൂറൽ പോലീസ് ആസ്ഥാനം കൊട്ടാരക്കരയിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. 5-2-2011-ലെ ജി.ഒ. (എംഎസ്.) 32/2011/ആഭ്യ. പ്രകാരം കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം ആസ്ഥാനമാക്കി കൊല്ലം സിറ്റി പോലീസ് ജില്ലയും കൊട്ടാരക്കര ആസ്ഥാനമാക്കി കൊല്ലം റൂറൽ പോലീസ് ജില്ലയും രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. റൂറൽ പോലീസ് ജില്ലയിലേക്ക് അനുവദിക്കേണ്ട തസ്തികകളെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്

51 (1521) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിച്ചൽ ഗ്രാമപഞ്ചായത്തംഗം ശ്രീമതി ജയലതികയെ ജാതിപേര് പറഞ്ഞ് അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതിക്കാരിയായ വൈസ് പ്രസിഡന്റ് ഉപയോഗിച്ച മുറി ഉപയോഗിക്കില്ലെന്ന് തീരുമാനമെടുത്ത് പഞ്ചായത്ത് ഓഫീസ് മുറിയിൽ വൈസ് പ്രസിഡന്റിന്റെ മേശ സ്ഥാപിച്ച് കടന്നുകയറി പ്രവർത്തിച്ച നിലവിലെ ഗ്രാമപഞ്ചായത്തു പ്രസിഡന്റിനെതിരെ പ്രസ്തുത വിഷയത്തിൽ നില നിൽക്കുന്ന പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തംഗമായിരുന്ന അനിജകുമാരിയെ വണ്ടി കയറ്റികൊല്ലാൻ ശ്രമിച്ച വ്യക്തിക്കെതിരെയുള്ള പരാതിയിൽ പോലീസ് എന്ത് നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഡി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വനിതകൾക്കുനേരെ നിരന്തരം നടക്കുന്ന അധിക്ഷേപങ്ങളും ആക്രമണങ്ങളും നിയന്ത്രിക്കാൻ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പള്ളിച്ചൽ ഗ്രാമപഞ്ചായത്തംഗം ശ്രീമതി ജയലതികയെ ജാതിപ്പേര് പറഞ്ഞ് അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തവർക്കെതിരെ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് 23-ാം വാർഡ് മെമ്പറായ പ്രമോദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം 1119/2010 u/s 143, 147, 149, 323 IPC & Sec. 3 (1) (x) SC/ST (Prevention of Atrocity Act 1989) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ആയത് നെയ്യാറ്റിൻകര ഡിവൈ.എസ്.പി. അന്വേഷിച്ചുവരികയുമാണ്.

(സി) കൈരളി ടി. വി.-യിൽ ഇ.എം.എസ്. ഭവന പദ്ധതി സംബന്ധിച്ച് വന്ന വാർത്ത ശ്രീമതി അനിജകുമാരി കൊടുത്തതാണെന്നുള്ള വിരോധത്തിൽ എതിർകക്ഷി രാജൻ വണ്ടി ഇടിച്ചുകൊല്ലാൻ ശ്രമിച്ചു എന്ന് പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി രാജനെതിരെ നേമം പി.എസ്. ക്രൈം 1196/10 u/s 308; 294/(f) IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വനിതകൾക്കുനേരെ നിരന്തരം അധിക്ഷേപങ്ങളും ആക്രമണങ്ങളും നടത്തുന്നതായിട്ടുള്ള പരാതി ലഭിച്ചിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ട്രെയിനുകളിൽ സ്ത്രീകളുടെ സംരക്ഷണത്തിന് നടപടികൾ

52 (1522) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിനിൽ യാത്ര ചെയ്യവെ തള്ളിയിട്ട് ക്രൂരമായ പീഡനത്തിനിരയായ സൗമ്യയുടെ ഘാതകർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly